പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3597 08.11.2019-ലെ മറുപടിക്ക്

## നെയ്യാറ്റിൻകരയിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

ചോദ്യം

ശ്രീ.കെ. ആൻസലൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവ് കാരണം നിരവധി ഷെഡ്യൂളുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജീവനക്കാരുടെ ലീവ് ക്രമീകരിച്ചും, മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തിയും ട്രിപ്പുകൾ ക്രമീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | നെയ്യാറ്റിൻകര ഡിപ്പോയിൽ നിലവിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽ ഖന്ന കമ്മിറ്റിയുടെ റിപ്പോർട്ടിൽ ബസ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരി ആയ 5.5 ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെങ്ങ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി. നിലവിലെ ജീവനക്കാരുടെ സ്ട്രെങ്ങ്ത്തും, ഒഴിവും നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ നിലവിൽ നെയ്യാറ്റിൻകര ഡിപ്പോയിലെ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ഒഴിവ് നിശ്ചയിച്ചിട്ടില്ല. |
| (സി) | ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവുകാരണം എത്ര ഷെഡ്യൂളുകൾ ആണ് ഡിപ്പോയിൽ നിർത്തലാക്കിയത്; നിർത്തലാക്കിയ സർവ്വീസുകളുടെ റൂട്ടുകൾ ഏതൊക്കെ എന്ന് വിശദമാക്കാമോ? | (സി) | ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഷെഡ്യൂളുകൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ